**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) | പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനായി ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 30.12.2022 ലെ സർക്കാർ ഉത്തരവ്(കൈ) നം.58/2022/പജപവവിവ പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ദുർബല വിഭാഗത്തിൽപെട്ടവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന്, വ്യക്തിഗത സ്വയം തൊഴിൽ സംരംഭകർക്ക് പരമാവധി 3,00,000/-രൂപയും (മൂന്ന് ലക്ഷം), ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരമാവധി 5,00,000/- രൂപയും (അഞ്ച് ലക്ഷം) 100% സബ്സിഡിയോടു കൂടി അനുവദിക്കുന്നു. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള ദുർബല വിഭാഗങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ